# KUWAIT MALANKARA RITE MOVEMENT

(Affiliated to MCA)

Patron : Moran Mor Baselios Cardinal Cleemis Catholicos,
Major Archbishop of the Syro-Malankara Catholic Church.

## പ്രണാമം – 2015

*(ബെനഡിക്ട് മാർ ഗ്രീഗോറിയോസ് ജന്മശതാബ്ദി ആഘോഷം)*

## <u>MAG-QUEST COMPETITION</u>

പ്രിയ കുടുംബാംഗങ്ങളെ,

ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിൻെറ ജന്മശതാബ്ദി ആഘോഷങ്ങൾ, ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികളോടു കൂടി മലങ്കര കത്തോലിക്കാ സഭ ആഘോഷിക്കുകയാണ്. ഇതിൻെറ ഭാഗമായി നടത്തപ്പെടുന്ന 100 പ്രഭാഷണങ്ങൾ കേരളത്തിലും, ലോകത്തിൻെറ വിവിധ ഭാഗങ്ങളിലുമായി നടന്നുവരുന്ന വിവരം ഇതിനോടകം ഏവരും അറിഞ്ഞിരിക്കുമല്ലോ. അവയിൽ ഒരു പ്രഭാഷണത്തിൻെറ വേദിയായി കുവൈറ്റിലെ മലങ്കരസഭാ സമൂഹത്തെ തിരഞ്ഞെടുത്തത് ഒരു വലിയ അനുഗ്രഹവും, സഭയുടെ ഒരു അംഗീകാരവുമായി കണക്കാക്കി, നാം അത് സന്തോഷപൂർവ്വം ഏറ്റെടുത്തിരിക്കുകയാണ്.

അതിനോടനുബന്ധിച്ച് 2015 സെപ്ററംബർ 4–ാം തീയതി വെള്ളിയാഴ്ച **പ്രണാമം–2015** എന്ന പേരിൽ കുവൈറ്റിൽ നടത്തപ്പെടുന്ന ജന്മശതാബ്ദി ആഘോഷങ്ങളുടെ മുന്നോടിയായി പ്രാർത്ഥനാഗ്രൂപ്പ് അടിസ്ഥാനത്തിൽ ക്രമീകരിച്ചിരിക്കുന്ന **ക്വിസ്സ് (MAG-QUEST)** മത്സരങ്ങളുടെ നിബന്ധനകൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു.

മത്സരങ്ങൾ കൃത്യ സമയത്ത് ആരംഭിക്കുന്നതിനായി പേര് കൊടുത്തിരിക്കുന്ന എല്ലാ അംഗങ്ങളും മുൻകൂട്ടി എത്തിച്ചേർന്ന് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയക്കി ബാഡ്ജുകൾ കൈപ്പറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രസ്തുത പരിപാടിയുടെ വിജയത്തിനായി ഏവരുടേയും, പ്രാർത്ഥനാപൂർവ്വമായ സഹകരണം പങ്കാളിത്വവും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

കെ.എം.ആർ.എം. മാനേജിംഗ് കമ്മറ്റിയ്ക്കുവേണ്ടി, പ്രണാമം കമ്മറ്റിയ്ക്കുവേണ്ടി,

**റവ. ഡോ. ജോൺ പടിപ്പുരയ്ക്കൽ**
ആത്മീയ ഉപദേഷ്ടാവ്

| | | |
|---|---|---|
| **ജോർജ് മാത്യു** | **സജിത സ്കറിയ തങ്ങളത്തിൽ** | **ബാബുജി ബത്തേരി.** |
| പ്രസിഡൻറ് | ജനറൽ സെക്രട്ടറി | ജനറൽ കൺവീനർ |

# KUWAIT MALANKARA RITE MOVEMENT

(Affiliated to MCA)

Patron : Moran Mor Baselios Cardinal Cleemis Catholicos,
Major Archbishop of the Syro-Malankara Catholic Church.

## മത്സര നിബന്ധനകൾ

1) ഓരോ പ്രയർ ഗ്രൂപ്പിൽ നിന്നും മൂന്ന് അംഗങ്ങൾ വീതമുള്ള ഒരു ടീമിന് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

2) പങ്കെടുക്കുന്ന ഓരോ ടീമും, അംഗങ്ങളുടെ പേരുവിവരങ്ങൾ നിശ്ചിത ഫോറത്തിൽ 2015 ജൂലൈ 31-ന് മുൻപായി പ്രയർ ഗ്രൂപ്പ് കോർഡിനേറ്റേഴ്സ് / കമ്മറ്റി അംഗങ്ങൾ മുഖേന കൺവീനറുടെ പക്കൽ ഏൽപ്പിക്കേണ്ടതാണ്.

3) മത്സരങ്ങൾ 2015 ആഗസ്റ്റ് 21 വെള്ളിയാഴ്ച രാവിലെ കൃത്യം 9.00 മണി മുതൽ അൽഫോൻസാ ഹാൾ അബ്ബാസ്സിയായിൽ (എസ്.എം.സി.എ.ഹാൾ) വച്ച് നടത്തപ്പെടുന്നതായിരിക്കും.

4) വെള്ളിയാഴ്ച രാവിലെ 8.30-ന് ടീം അംഗങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ഓരോ ടീമിൻെറയും മാനേജർമാർ ബാഡ്ജുകൾ കൈപ്പറ്റേണ്ടതാണ്.

5) മത്സരങ്ങളുടെ മാധ്യമം (Medium of Language) മലയാളം മാത്രമായിരിക്കും. വി. ബൈബിളിൽ നിന്നുള്ള ചോദ്യങ്ങൾ പി.ഒ.സി. മലയാളം ബൈബിൾ അധിഷ്ഠിതവുമായിരിക്കും.

6) മത്സരാർത്ഥികൾ മത്സര സമയത്ത് ബൈബിൾ, മൊബൈൽ ഫോൺ എന്നിവ ഉപയോഗിക്കുവാൻ പാടില്ല.

7) മത്സരങ്ങൾക്കായി താഴെപ്പറയുന്ന വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചോദ്യാവലിയാണ് ക്രമീകരിച്ചിരിക്കുന്നത് :-

**40%** വിശുദ്ധ ബൈബിൾ, **40%** കേരള കത്തോലിക്കാ സഭ, **20%** ആഗോള കത്തോലിക്കാ സഭ

8) മത്സരങ്ങളുടെ ആകെ മാർക്ക് 150-ൽ ആയിരിക്കും. അതിൽ Objective Type Questions Round, Visual Round, Audio Round, True or False Round, Rapid Question Round എന്നിവ ക്രമീകരിച്ചിരിക്കുന്നു.

9) ഓരോ ചോദ്യത്തിനും ഉത്തരം നൽകുന്നതിനായി ഓരോ ഗ്രൂപ്പിനും 30 സെക്കൻഡ് ആണ് അനുവദച്ചിട്ടുള്ള സമയം.

10) Audience Poll : Visual / Audio Round-ൽ ഉള്ള **ഒരു ചോദ്യം** ഓരോ ഗ്രൂപ്പിനും അവരവരുടെ ഗ്രൂപ്പിൽ മാത്രം ചർച്ച ചെയ്ത് ലഭ്യമാകുന്ന **ഉത്തരം** ടീം മാനേജർ വഴി മാത്രം മത്സരാർത്ഥിക്ക് നൽകാവുന്നതാണ്.

11) മത്സരാർത്ഥിയോടു ചോദിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം ഏതെങ്കിലും ഗ്രൂപ്പിൽ നിന്നു വിളിച്ചു പറഞ്ഞാൽ ആ ഗ്രൂപ്പിന് മൈനസ് പോയിൻറ് ലഭിക്കുന്നതാണ്.

12) പങ്കെടുക്കുന്ന ടീം അംഗങ്ങൾക്ക് ഡ്രസ്സ് കോഡ് ഉണ്ടായിരിക്കുന്നതാണ്. (Black Overcoat)

13) മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന ടീമിന് സമ്മാനങ്ങൾ നൽകുന്നതാണ്. എന്നാൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമിനു മാത്രമെ മത്സരത്തിൻെറ രണ്ടാം ഘട്ടത്തിലേക്ക് പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ.

14) പ്രസ്തുത പരിപാടിയിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന പ്രയർ ഗ്രൂപ്പിന് സമ്മാനം നൽകുന്നതാണ്. പങ്കാളിത്വ സമ്മാനത്തിനു വേണ്ടി അന്നേ ദിവസം രാവിലെ 9.15 മുൻപായി ഹാളിൽ എത്തിച്ചേരുന്ന അംഗങ്ങളുടെ എണ്ണം മാത്രമായിരിക്കും പരിഗണിക്കുക.

15) ക്വിസ്സ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും. മത്സരങ്ങൾക്കായി ജൂറി ഓഫ് അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

**********************